വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയവും സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രവും

6 [*117] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ബി. വിജയകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മറൈൻ അക്വേറിയവും സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രവും അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ നിയോഗിച്ച പഞ്ചവൽസര അവലോകന സമിതി ഈ സ്ഥാപനത്തിന്റെ സമഗ്ര വികസനത്തിന് ശുപാർശ ചെയ്തിരിക്കെ അത് അടച്ചു പൂട്ടുവാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ നിയോഗിച്ച പഞ്ചവൽസര അവലോകന സമിതി, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ അവയുടെ പ്രാദേശിക കേന്ദ്രങ്ങളുമായി ലയിപ്പിച്ചുള്ള സമഗ്ര വികസന മാണ് ശുപാർശ ചെയ്തത്. പ്രാദേശിക കേന്ദ്രങ്ങളിൽ മതിയായ ഗവേഷണ സൗകര്യ ങ്ങൾ ലഭ്യമായതിനാലും ഗവേഷണ പ്രവർത്തനങ്ങൾക്ക് സമഗ്രത കൈവരുത്തി ആക്കം കൂട്ടുവാനുമാണ് ഇങ്ങനെ ചെയ്തത് എന്ന് എറണാകുളത്തുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അറിയിക്കുകയുണ്ടായി.

കുട്ടികളെ തട്ടിക്കൊണ്ടുപോയി കൊല്ലുന്ന സംഭവം

7 [*118] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറുകണക്കിന് കുട്ടികളെ തട്ടിക്കൊണ്ട് പോവുകയും അവരെ കൊലപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനും കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെ ടുത്തുമോ;

(സി) കുട്ടികളെ കാണാതായതിനെ സംബന്ധിച്ചും കുട്ടികളെ കൊലപ്പെടുത്തി യത് സംബന്ധിച്ചും ഏതെല്ലാം കേസുകളാണ് സി. ബി. ഐ.-ക്ക് വിട്ടിട്ടുള്ളതെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും ജില്ലാതലങ്ങളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ. എസ്. പി. മാരുടെ നേതൃത്വത്തിൽ സത്വര നടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റവാളികളുടെമേൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് തടയുന്നതിന് റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സംഘടനകൾ, സാമൂഹ്യ സംഘടനകൾ എന്നിവ മുഖേന ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇവ കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടനത്തിനായും മറ്റും കൊണ്ടുവരുന്ന സംശയം തോന്നുന്ന കുട്ടികളെയും മറ്റും ചോദ്യം ചെയ്തും നിയമ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) കുട്ടിയെ കാണാതായത് സംബന്ധിച്ച് ആലപ്പുഴ നോർത്ത് പി. എസ്. ക്രൈം നമ്പർ 292/02 കേസ് സി. ബി. ഐ.-ക്ക് വിട്ടിട്ടുണ്ട്.

സംസ്ഥാനത്തെ സ്പോർട്ട്സ് കോംപ്ലക്സുകൾ

8 [*119] ശ്രീ. വർക്കല കഹാർ:

,, ജോർജ് ജെ. മാത്യു:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ വർഷം എവിടെയെല്ലാം പുതുതായി സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്;

(സി) ഇപ്പോൾ നിർമ്മിച്ചുവരുന്ന സ്പോർട്ട്സ് കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) സ്പോർട്ട്സ് പ്രോജക്റ്റ് ഡവലപ്പ്മെന്റ് ഏരിയാ പദ്ധതി അനുസരിച്ച് കൊല്ലത്തും തൃശ്ശൂരും കായിക സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിൽ ശ്രീപാദം സ്റ്റേഡിയം അടങ്ങുന്ന ജില്ലാ കായിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ കായിക സമുച്ചയത്തിന് സ്ഥലം ഏറ്റെടുക്കാൻ നടപടി പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒരു അന്താരാഷ്ട്ര സ്പോർട്ട്സ് കോംപ്ലക്സിനായി സ്ഥലം ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly